(ബി) എത്ര തെങ്ങുകളാണ് ഇതുമൂലം നശിച്ചു പോയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിലെ നാളികേര കർഷകർക്ക് ഇതിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; തെങ്ങ് ഒന്നിന് എത്ര രൂപ നിരക്കിൽ എത്ര കർഷകർക്ക് ഇത് ലഭിച്ചു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 14890 തെങ്ങുകളാണ് ഇതുമൂലം പൂർണ്ണമായി നശിച്ചു പോയിട്ടുള്ളത്.

(സി) നഷ്ടപരിഹാരം നൽകിയിട്ടില്ല. എന്നാൽ രോഗനിയന്ത്രണത്തിനായി തെങ്ങൊന്നിന് 60 രൂപ നിരക്കിൽ 52636 തെങ്ങുകൾക്കായി 31,58,160 രൂപ കാസർഗോഡ് ജില്ലയിലെ 2568 കർഷകർക്ക് അനുവദിച്ചിട്ടുണ്ട്.

നെൽകൃഷി പാടശേഖരങ്ങൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ

126 (7423) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസ്തൃതി കുറഞ്ഞ പാടശേഖരങ്ങളിൽ ഉഴവിനുവേണ്ടി ഇപ്പോൾ വിതരണം ചെയ്യുന്ന പവർ ടില്ലറുകൾക്കുപകരം താരതമ്യേന അദ്ധ്വാനം കുറഞ്ഞ മിനിട്രാക്ടറുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ;

(ബി) കുബോട്ടാ മിനി ട്രാക്ടറുകൾ വാങ്ങുന്നതിന് പാടശേഖരങ്ങൾക്ക് ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ ;

(സി) ഏത് പദ്ധതിപ്രകാരമാണ് ധനസഹായം നൽകുന്നത് ;

(ഡി) ഇത് 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ) പാടശേഖരങ്ങൾക്കായി പവർ ടില്ലറുകൾ വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നില്ല.

(ബി&സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

നാട്ടിക മണ്ഡലത്തിലെ ജയന്തി കോൾ പടവ് കൃഷിക്കാരുടെ പ്രശ്നങ്ങൾ

127 (7424) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽപ്പെടുന്ന ജയന്തി കോൾ പടവിലെ നെൽകൃഷിക്കാർ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ ; കെട്ടിക്കിടക്കുന്ന നെല്ലിന് താങ്ങുവില നൽകി ഏറ്റെടുക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly